





# 'വിദ്യാശ്രീ' പദ്ധതി, ലാപ്പ്ടോപ്പ് മാതൃകകൾ തയാർ, തെരഞ്ഞെടുത്ത് തുടങ്ങാം

കുറഞ്ഞ നിരക്കിൽ ലാപ്പ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.എഫ്.ഇയുമായി സംയോജിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന 'വിദ്യാശ്രീ' പദ്ധതിയെക്കുറിച്ച് മുൻലേഖനങ്ങളിൽ വായിച്ചറിഞ്ഞിരിക്കുമല്ലോ. ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്ന ലാപ്പ്ടോപ്പുകളുടെ ടെൻഡർ നടപടികൾ പൂർത്തിയായതിനെക്കുറിച്ചും മുൻപൊരു ലേഖനത്തിൽ വിശദമാക്കിയിരുന്നു. ഏസർ, എച്ച്പി, കോക്കോണിക്സ്, ലെനോവോ കമ്പനികളുടെ ലാപ്പ്ടോപ്പുകളാണ് ചിട്ടിയിൽ ചേരുന്നവർക്ക് ലഭ്യമാക്കുക. ഈ ലാപ്പ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച ബ്രോഷറും ഇപ്പോൾ തയാറായിരിക്കുകയാണ്. കുടുംബശ്രീയിലുള്ള എല്ലാ അയൽക്കൂട്ടങ്ങളിലേക്കും അയച്ചു നൽകാനുള്ള ബ്രോഷർ ഇന്നത്തെ പോസ്റ്റിനൊപ്പം നൽകുന്നു. ചിട്ടിയിൽ ചേരുന്നവർക്ക് ഈ ബ്രോഷറുകൾ ഏറെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കട്ടെ.

ചിട്ടിയിൽ ചേരുന്നവർക്ക് ലാപ്പ്ടോപ്പിനായുള്ള ആവശ്യം അറിയിക്കാനുള്ള വെബ് പോർട്ടലും തയാറായിക്കഴിഞ്ഞു. ഈ വെബ് പോർട്ടലിലൂടെയാണ് ലാപ്പ്ടോപ്പുകളുടെ തെരഞ്ഞെടുപ്പ് ഓരോരുത്തരും നടത്തേണ്ടത്. ഇതുവരെ (13/02/2021) ചിട്ടിയിൽ ചേർന്ന 46,896 പേർ തങ്ങളുടെ വിശദാംശങ്ങൾ പോർട്ടലിൽ നൽകി കഴിഞ്ഞു. ഇതിൽ 5489 പേർ ഏത് ലാപ്പ്ടോപ്പ് വേണമെന്ന അഭിപ്രായവും രേഖപ്പെടുത്തി നൽകിക്കഴിഞ്ഞു.

ഒരു ബ്രാൻഡ് ലാപ്പ്ടോപ്പിനുള്ള ഒരു നിശ്ചിത എണ്ണം ആവശ്യകത പോർട്ടൽ മുഖേന ലഭ്യമായിക്കഴിഞ്ഞാൽ കെ.എസ്.എഫ്.ഇ, ആ കമ്പനിയിലേക്ക് പർച്ചേസ് ഓർഡർ നൽകുകയും കമ്പനി ഐടി മിഷനുമായുള്ള കരാർ പ്രകാരം നിശ്ചയിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ ലാപ്പ്ടോപ്പ് നൽകുകയും ചെയ്യും. ലാപ്പ്ടോപ്പ് നടപടി ക്രമങ്ങൾ പൂർത്തിയായതോടെ ചിട്ടിയിലേക്കുള്ള രജിസ്ട്രേഷൻ വർദ്ധിച്ചുവരികയാണ്. ഫെബ്രുവരി 13 വരെയുള്ള കണക്ക് പ്രകാരം 1,43,859 പേരാണ് ചിട്ടിയിൽ ചേർന്നിട്ടുള്ളത്. 1,23,004 പേർ ലാപ്ടോപ്പ് വാങ്ങാൻ താത്പര്യം അറിയിച്ചു.

സാധാരണക്കാരുടെ ബജറ്റിലൊതുങ്ങുന്നതും

കുട്ടികളുടെ വിദ്യാഭ്യാസത്തിന് തുണയാകുന്ന സ്പെസിഫിക്കേഷനുള്ളതുമായ ലാപ്ടോപ്പ് ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിയുടെ നടപടിക്രമങ്ങളെല്ലാം പൂർത്തിയായിരിക്കുകയാണ്.